ഉപരാഷ്ട്രപതിയുടെ ബ്രൂണൈ സന്ദര്ശനം (ഫെബ്രുവരി 01-05, 2016)

ജനുവരി 20, 2016

ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ എം ഹമീദ് അന്സാരി ബ്രൂണൈ ദാരുസലാം ഫെബ്രുവരി 01മുതല് 05 വരെ ((ഫെബ്രുവരി 01-05, 2016) ഔദ്യോഗികമായി സന്ദര്ശിക്കും. ബ്രൂണൈ ദാരുസലാം ,ആദരണീയനായ കിരീടാവകാശി മൊഹമ്മദ് ബോള്കിയ രാജകുമാരന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം . 1984 ല് ഇരു രാജ്യങ്ങള്ക്കും ഇടയില് നയതന്ത്ര ബന്ധങ്ങള് സ്ഥാപിച്ചതിന് ശേഷം ഇന്ത്യയില് നിന്നുമുള്ള ആദ്യത്തെ ഉന്നത തല സന്ദര്ശനം ആണിത് . ആദരണീയനായ ഉപ രാഷ്ട്രപതിയെ ഒരു കേന്ദ്ര സഹമന്ത്രി, പാര്ലമെന്റ് അംഗങ്ങള്, ഉന്നത ഉദ്യോഗസ്ഥര് , മാധ്യമപ്രവര്ത്തകര് എന്നിവര് അനുഗമിക്കുന്നുണ്ട്

ഇന്ത്യയും ബ്രൂണൈയും എല്ലായ്പ്പോഴും വളരെ അടുത്തതും ഊഷ്മളവുമായ ബന്ധങ്ങള് ആണ് ആസ്വദിച്ചിരുന്നത് അത് പരസ്പര ബഹുമാനവും വിവിധ ഉഭയകക്ഷി- ബഹുമുഖ വിഷയങ്ങളില് ഉള്ള ധാരണയും കൊണ്ട് ശ്രദ്ധേയമാണ് . ഒരു സഹസ്രാബ്ദമായിട്ടുള്ള ചരിത്രം, ചരിത്രം, സംസ്ക്കാരം , പാരമ്പര്യം എന്നിവയാല് ഇരു രാജ്യങ്ങളും ബന്ധപ്പെട്ടിരിക്കുന്നു . പരസ്പരമുള്ള നിരന്തരമായ സന്ദര്ശനങ്ങളിലൂടെ ബന്ധങ്ങളിലെ വേഗത കൂട്ടുന്നതിന് സാധിച്ചു . ബ്രൂണെയില് ഇന്ത്യയില് നിന്നുള്ള മികച്ച ഉദ്യോഗസ്ഥരോട് പ്രത്യേകിച്ചും അദ്ധ്യാപകര് , ഡോക്ടര്മാര് എന്നിവരോടു വളരെയധികം ആദരവും മതിപ്പുമുണ്ട്

നമ്മുടെ ഊര്ജ സുരക്ഷക്ക് സംഭവനകള് നല്കുകയും പതിനായിരത്തിലധികം ഇന്ത്യന് സമൂഹത്തിനു ആഥിത്യമരുളുകയും ചെയ്യുന്നതിനൊപ്പം ഇന്ത്യയുടെ

ആസിയാനിലെ പ്രധാന പങ്കാളിയുമാണ് ബ്രൂണൈ . ബ്രൂണൈയിലെ സന്ദര്ശനത്തോട് അനുബന്ധിച്ച് ആദരണീയനായ ഉപ രാഷ്ട്രപതിക്ക് ആദരണീയനായ കിരീടാവകാശിയായ രാജകുമാരന് ആഥിത്യമരുളും . ഹിസ് മജസ്റ്റി, ബ്രൂണൈ സുല്ത്താനുമായി ആദരണീയനായ ഉപ രാഷ്ട്രപതി കൂടികാഴ്ച നടത്തും ; വിദേശകാര്യ -വ്യാപാര മന്ത്രി , ഹിസ് എക്സലന്സി ലെജിസ്ലേറ്റീവ് കൌണ്സില് സ്പീക്കര് എന്നിവര് ആദരണീയനായ ഉപരാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തും. . ഉപരാഷ്ട്രപതി ഒരു സ്വീകരണ ചടങ്ങില് ഇന്ത്യന് സമൂഹത്തെ അഭിസംബോധന ചെയ്യുകയും ബ്രൂണൈ ദാരുസലാം സര്വകലാശാലയില് സംഭാഷണം നടത്തുകയും ചെയ്യും.

സിവില് ഏവിയേഷന് , വ്യാപാര - നിക്ഷേപം, ഹൈഡ്രോകാര്ബണ്- പ്രകൃതി വാതകം , വിവര-വാര്ത്താവിനിമയം, സ്പേസ് സഹകരണം , ആസിയാന് , ഇഎഎസ് , മറ്റ് ബഹുവിധ വേദികള് എന്നിവയിലെ സഹകരണം തുടങ്ങിയ വിഷയങ്ങളിലെ ഉഭയകക്ഷി പ്രശ്നങ്ങള്/ സഹകരണത്തിനാനാവശ്യമായ ഘടകങ്ങള് തുടങ്ങിയവ ആദരണീയനായ ഉപ രാഷ്ട്രപതി ബ്രൂണൈ നേതാക്കളുമായുള്ള യോഗങ്ങളില് ചര്ച്ച ചെയ്യും

സന്ദര്ശനത്തോട് അനുബന്ധിച്ച് ആരോഗ്യം, പ്രതിരോധം എന്നീ മേഖലകളിലെ സഹകരണത്തിനുള്ള ധാരണാ പത്രങ്ങള് ഒപ്പ് വയ്ക്കുവാനുള്ള സാധ്യതകള് ഉണ്ട്

ന്യൂഡെല്ഹി
ജനുവരി 20, 2016